**പതിനഞ്ചാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**ബുള്ളറ്റിൻ ഭാഗം – II**
**2025 ഫെബ്രുവരി 10**

നമ്പർ : 601

**<u>സ്റ്റാറ്റ്യൂട്ടറി പ്രമേയം</u>**

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ നൽകിയ താഴെപ്പറയുന്ന പ്രമേയത്തിനുള്ള നോട്ടീസ് അംഗീകരിച്ചിരിക്കുന്നു.

"സർക്കാർ പൊതുവായ്പ എടുക്കണമെന്ന ആവശ്യത്തിനോ അല്ലെങ്കിൽ ഔദ്യോഗിക ഗസറ്റിൽ സർക്കാർ വിജ്ഞാപനം ചെയ്യേക്കാവുന്ന മറ്റ് ഏതെങ്കിലും ആവശ്യത്തിനോ വേണ്ടി സർക്കാർ സൃഷ്ടിക്കുന്നതും പുറപ്പെടുവിക്കുന്നതുമായ ഈടുപത്രങ്ങൾ പൊതുവിപണിയിലും സ്ഥാപനങ്ങൾക്കും വിനിമയം ചെയ്തിരിക്കുന്നത് 1944 – ലെ പൊതുക്കടം ആക്റ്റ് പ്രകാരമാണ്. കേന്ദ്ര സർക്കാർ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഈടുപത്രങ്ങളുടെ ഭരണനിർവ്വഹണത്തെ സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും കൂടുതൽ സുതാര്യമായ രീതിയിൽ നടപ്പാക്കുന്നതിലേക്കായി ഒരു നിയമം ആവശ്യമാണെന്ന് ഭാരതീയ റിസർവ് ബാങ്ക് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ ഭാഗമായി '2006 – ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റ്' (2006 - ലെ 38 – ാം കേന്ദ്ര ആക്റ്റ്) പാർലമെന്റ് പാസ്സാക്കിയിരുന്നു. പ്രസ്തുത നിയമത്തിൽ 1944 - ലെ പൊതുക്കടം ആക്റ്റിലെ ഭൂരിഭാഗം വകുപ്പുകളിലെ വ്യവസ്ഥകളും ഉൾപ്പെട്ടിട്ടുണ്ടെങ്കിലും കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുന്നതിന്റെ ഭാഗമായി, 1944 – ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യണമെങ്കിൽ 2006 – ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തി 1944 – ലെ പൊതുക്കടം ആക്റ്റ് പ്രകാരം പൊതുവിപണിയിൽ സർക്കാർ വിതരണം അല്ലെങ്കിൽ വിനിമയം ചെയ്ത ഈടുപത്രങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. പ്രസ്തുത വിഷയം ഭാരതത്തിന്റെ ഭരണഘടനയിലെ 7 - ാം പട്ടിക പ്രകാരം സംസ്ഥാന ലിസ്റ്റിൽ ഉൾപ്പെട്ടതാകയാൽ, 1944 – ലെ പൊതുക്കടം ആക്റ്റ് റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനെ പ്രാപ്തമാക്കുന്നതിലേക്കായി, ഭരണഘടനയിലെ 252 – ാം അനുച്ഛേദപ്രകാരം സംസ്ഥാനങ്ങൾ ഈ വിഷയത്തിൽ നയപരമായ തീരുമാനം എടുത്ത് അതത് സംസ്ഥാനങ്ങളിലെ നിയമസഭയിൽ ഒരു പ്രമേയം പാസ്സാക്കേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ 2006 – ലെ സർക്കാർ ഈടുപത്രങ്ങൾ ആക്റ്റിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഭരണഘടനയിലെ 252 – ാം അനുച്ഛേദപ്രകാരം ഈ സഭ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നു."

**ഡോ. എൻ. കൃഷ്ണ കുമാർ,**
**സെക്രട്ടറി.**

**Fifteenth Kerala Legislative Assembly**
**Thirteenth Session**
**Bulletin Part - II**
**2025 February 10**

No : 601

**Statutory Resolution**

The following Resolution given notice of by Shri. K. N. Balagopal, Minister for Finance has been admitted.

"Securities created and issued by the Government for the purpose of raising public debt or for any other purpose as may be notified by the Government in the Official Gazette are transacted in the public market and to institutions under the Public Debt Act, 1944. The Government Securities Act, 2006 (Central Act 38 of 2006) was passed by the Parliament as part of the Reserve Bank of India's recommendation to the Central Government that a law was needed to make the administration of securities issued by the Central or State Government and other related matters more transparent. Although the said Act contains most of the provisions of the Public Debt Act, 1944, as part of the repeal of obsolete laws, repeal of the Public Debt Act, 1944 requires amendment of relevant sections of the Government Securities Act, 2006 to protect securities issued or exchanged by the Government in the public market under the Public Debt Act, 1944. As the matter is included in the State List under the 7th Schedule of the Constitution of India, it is necessary for the States to take a policy decision on the matter and pass a Resolution in their respective State Legislatures under Article 252 of the Constitution to enable the Central Government to repeal the Public Debt Act, 1944. In this context, this House requests the Central Government under Article 252 of the Constitution to take immediate action to amend the Government Securities Act, 2006."

**Dr. N. Krishna Kumar,**
**Secretary.**